(ബി) ധാരാളം ടൂറിസ്റ്റുകൾ എത്തുന്ന ഉരക്കുഴി പ്രദേശത്തേക്കുള്ള ഈ റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എപ്പോൾ പണി ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കക്കയം-ഉരക്കുഴി റോഡ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്നതല്ല.

(ബി) ആന്റ് (സി) ബാധകമല്ല.

കടങ്ങല്ലൂർ—വിളയിൽ ചാലിയപുറം റോഡ് പണി

50 [3576] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ കടങ്ങല്ലൂർ-വിളയിൽ ചാലിയപുറം റോഡ് പണിയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ പ്രവർത്തനം എന്നു തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നബാർഡ് ധനസഹായം ലഭിച്ചാലുടൻ തന്നെ തുടങ്ങുന്നതാണ്.

കക്കോടിയിലെ ഗതാഗതകുരുക്ക്

51 [3577] *ശ്രീ. എ. സി. ഷൺമുഖദാസ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കക്കോടി വഴി ബാലുശ്ശേരി റോഡിൽ കക്കോടിയിലെ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനുള്ള പുതിയ റോഡിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഭരണാനുമതി നൽകിയത് എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റോഡിന് എത്ര രൂപ മതിപ്പ് ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) പ്രസ്തുത റോഡും മാളിക്കടവിൽ ഒരു പുതിയ പാലം പണിയുന്നതിനുമുള്ള എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത റോഡിന്റെ ആദ്യഘട്ടം പണി എന്ന് തുടങ്ങാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) 100 ലക്ഷം രൂപ (ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടെ).

(സി) 20-11-2004 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 1159/04/പൊ.മ.വ. പ്രകാരം 150 ലക്ഷം രൂപയ്ക്ക് മാവിള്ളക്കടവിൽ ഒരു പുതിയ പാലം പണിയുന്നതിന് ഭരണാനുമതി നൽകിയിരുന്നത് അപര്യാപ്തമാണെന്ന് കണ്ടതിനാൽ ഭരണാനുമതി പുതുക്കി വാങ്ങാൻ നടപടി എടുത്തിട്ടുണ്ട്. ഇതിനായി ഏകദേശം 335 ലക്ഷം രൂപ അടങ്കലുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) പണി എന്നു തുടങ്ങുമെന്ന് കൃത്യമായി പറയാൻ നിർവാഹമില്ല.

പുതിയങ്ങാടി-ഉള്ളിയേരി റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

52 [3578] *ശ്രീ. എ. സി. ഷൺമുഖദാസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയങ്ങാടി-ഉള്ളിയേരി റോഡിൽ, എരഞ്ഞിക്കൽ അമ്പലപടി-ചെറുകുളം റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ട് എത്ര വർഷമായി എന്ന് അറിയിക്കുമോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) അമ്പലപടിയിൽ നിന്നും ആരംഭിച്ച ഭാഗം ഗതാഗത യോഗ്യമല്ലെന്ന കാര്യം മരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്നു വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly